കത്തീഡ്രലോ, സെമിനാരിയോ, ഒന്നുമില്ലാതെ വിസ്തൃതമായ ഹിമാലയൻ ആകാശത്തിൻകീഴിൽ ദൈവപരിപാലനയെ സാക്ഷിനിർത്തി പ്രവർത്തനമാരാംഭിച്ച ബിഷപ്പ് ജോർജിന് മിയാവിൽ ചുരുങ്ങിയ കാലംകൊണ്ട് അഭിമാനിക്കാനാവുന്ന നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

ബിഷപ്പ് ജോർജ് മുഴുവൻ മിഷൻചൈതന്യം നിറഞ്ഞവനാണ്. ആരെയും ആകർഷിക്കുന്ന ഇടപെടലുകൾ സുവിശേഷത്തിനു സാക്ഷ്യമാകാൻ ഏറെ സഹായിച്ചു. മനുഷ്യബന്ധങ്ങൾക്കു വില കൽപിക്കുന്നവനായതുകൊണ്ട് മാനവീയതയാണ് ദൈവശാസ്ത്രം. മനുഷ്യസ്നേഹത്തിലൂടെ ദൈവസ്നേഹം അനുഭവവേദ്യമാക്കിത്തരുന്ന മനുഷ്യസ്നേഹി. വ്യക്തിജീവിതത്തിൽ സ്വകാര്യതാൽപര്യമില്ല. തന്റെ രൂപതയും സഭയുമാണ് മാർ ജോർജിന് വലുത്. 'ആദ്യം ജനം' ഇതാണ് അദ്ദേഹത്തിന്റെ ആദർശമുദ്ര. ഇടവക ദേവാലയം, സാമൂഹ്യസേവനസ്ഥാപനങ്ങൾ, പരിശീലന ഭവനങ്ങൾ, ആതുരാലയങ്ങൾ എന്നിവ കഴിഞ്ഞിട്ടു മതി അരമനയും മറ്റും എന്ന് ജനപക്ഷത്തുനിന്ന് ചിന്തിക്കുന്ന ആത്മീയാചാര്യൻ മാർ പള്ളിപറമ്പിൽ. പുറമെ കാണുന്നതിനേക്കാൾ ഉള്ളിൽ സ്വകാര്യ നന്മയുള്ള വ്യക്തിയെന്ന നിലയിലാണ് കാണുന്നവർക്കെല്ലാം അദ്ദേഹം പെട്ടെന്നു സുഹൃത്താകുന്നത്. ചെറിയവനെന്നോ വലിയവനെന്നോ ഉള്ള വ്യത്യാസമില്ലാതെ ആരെയും മൈൻഡ് ചെയ്യാൻ കഴിവുള്ളവനെന്ന നിലയിൽ സകലരും അദ്ദേഹത്തിനു സുഹൃത്തുക്കളാകുന്നു. താഴ്ന്നവരെ വലിയവനായി കാണാനും ആരുടെയും വികാരങ്ങളെ മുറിപ്പെടുത്താതെ സംസാരിക്കുവാനും, ആരു ക്ഷണിച്ചാലും തിരസ്ക്കരിക്കാതെ പരമാവധി മറ്റുള്ളവർക്കു സംലഭ്യനാകാനുമുള്ള കഴിവ് അത്ഭുതകരമാണ്. 'നോ' എന്ന പദം ഡിക്ഷ്ണറിയിലില്ല. തന്റെ രൂപതയിലെ വൈദികരെ സുഹൃത്തുക്കളെപ്പോലെ അദ്ദേഹം കാണുന്നു. ക്നാനായ സമുദായത്തിന്റെ വീരപുത്രനും സൂര്യതേജസ്സുമായ ബിഷപ്പ് ജോർജ് ചൈനയുടെ അരികിൽ ഹിമാലയത്തിന്റെ താഴ്വരയിൽ പ്രകൃതിഭംഗികൊണ്ടു അനുഗൃഹീതയും വിസ്തൃതവുമായ മിയാവു രൂപതയിൽ ദൈവം നിയോഗിച്ച ആധുനിക മോശയാണ്.

ഒരു ഔദ്യോഗികജീവിതമെന്നോ, സ്വകാര്യജീവിതമെന്നോ വേർതിരിവില്ലാതെ സദാസമയവും ജനപക്ഷത്തുനിന്നു ചിന്തിച്ചും പ്രവർത്തിച്ചും ഇച്ഛാശക്തിയോടെ ലക്ഷ്യത്തിലെത്താനുള്ള കുതിപ്പോടെ അദ്ദേഹം ഇന്നും നടന്നുനീങ്ങുന്നു.

**-റവ. ഡോ. ലൂക്ക് പൂത്തൃക്കയിൽ**

# റൈറ്റ് റവ. ഡോ. ജെയിംസ് തോപ്പിൽ

## ദൈവസ്നേഹം നിറഞ്ഞു നിൽക്കുന്ന ഇടയൻ



നാഗാലാൻഡിലെ ജനങ്ങളുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കുവാനുള്ള കത്തോലിക്കാ സഭയുടെ സ്വപ്നം പൂവണിഞ്ഞിട്ട് നൂറു വർഷങ്ങൾ കഴിഞ്ഞു. എന്നാൽ അതിന്റെ ഫലദായകത്വത്തിലേക്ക് എത്താൻ വീണ്ടും വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. വേദനകളും യാതനകളും നേരിട്ട നാഗാലാൻഡിലെ ജനത്തിന് നേതൃത്വം നൽകാൻ, അവർക്കു ലഭിച്ച ക്രൈസ്തവവിശ്വാസത്തിനു അടിത്തറ പാകാൻ 1980 ജൂൺ 29 വരെ കാത്തിരിക്കേണ്ടിവന്നു. അങ്ങനെയാണ് കൊഹിമ രൂപത സ്ഥാപിതമായത്. അഭിവന്ദ്യ അബ്രാഹം ഇലഞ്ഞിമറ്റം പിതാവിന്റെ പിൻഗാമി ബിഷപ്പ് ജോസ് മുക്കാലയ്ക്കു ശേഷം മൂന്നുപതിറ്റാണ്ടു പിന്നിട്ട കൊഹിമ രൂപതയുടെ മൂന്നാമത്തെ അമരക്കാരനാണ് ബിഷപ്പ് ജെയിംസ് തോപ്പിൽ. 2011 സെപ്റ്റംബർമാസം 8-ാം തീയതി കൊഹിമ കത്തീഡ്രലിൽ വച്ച് ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് സൽവത്തോരെ പെനാക്കിയോയിൽ നിന്നും കൊഹിമ രൂപതയുടെ മെത്രാനായി അദ്ദേഹം അഭിഷിക്തനായി.

പ്രിയപ്പെട്ടവരെല്ലാം 'ചാക്കോച്ചൻ' എന്നു വിളിക്കുന്ന ബിഷപ്പ് ജെയിംസ് തോപ്പിൽ പിന്നീട് തനിക്കു കിട്ടിയ മെത്രാൻ സ്ഥാനം ദൈവശുശ്രൂഷയ്ക്കു വേണ്ടിയുള്ള കൂടുതൽ സമർപ്പണമായിമാത്രം കാണുന്ന വ്യക്തിയാണ്. 1959 മാർച്ച് മാസം 2-ാം തീയതി ജനിച്ച ചാക്കോച്ചന്റെ പിതാവ് വളരെ ചെറുപ്പത്തിലേ മരിച്ചു. പ്രിയപ്പെട്ട അമ്മച്ചിയും

കുഞ്ഞാഞ്ഞയും മറ്റ് അഞ്ചു സഹോദരിമാരുമാണ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ.

അറുനൂറ്റിമംഗലം സെന്റ് ആന്റണീസ് എൽ.പി. എസ്., ഞീഴൂർ വിശ്വഭാരതി യു.പി.എസ്., പെരുവ ഗവ. ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അഭിവന്ദ്യ പിതാവിന്റെ വളരെ ചെറുപ്പത്തിൽ തന്നെ ഉള്ളിൽ ഉദിച്ച ആഗ്രഹമായിരുന്നു, ഒരു നല്ല വൈദികൻ ആകുക എന്നത്. അമ്മച്ചിയുടെ പ്രാർത്ഥനാ ചൈതന്യം നിറഞ്ഞ കുടുംബാന്തരീക്ഷവും, ചെറുപുഷ്പമിഷൻ ലീഗ് സംഘടനാ പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ ദൈവവിളിക്ക് ഏറെ പ്രചോദനവും പ്രേരണയും ആയിരുന്നു.

1974-ൽ ആസ്സാമിൽ ദിബ്രുഗാർ എന്ന സ്ഥലത്തുള്ള സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ച മാർ ജെയിംസ് 1986 ജനുവരി 12-ാം തീയതി വൈദികനായി. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള ഇദ്ദേഹത്തിന് റോമിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്.


പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിച്ച ബിഷപ്പ് തോപ്പിൽ ദിമാപൂർ ഗുഡ് ഷെപ്പേർഡ് സെമിനാരി ഡീൻ, ദിമാപൂർ ഹോളി ക്രോസ് സ്കൂൾ പ്രിൻസിപ്പൽ, ഓറിയൻസ് തിയോളജിക്കൽ കോളേജ് ഡീൻ ആൻഡ് രജിസ്ട്രാർ, ഷില്ലോങ്ങ് ഓറിയൻസ് റെക്ടർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. ആറു പുസ്തകങ്ങളും 20-ൽ പരം ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് തന്റെ രൂപതയെപ്പറ്റി വലിയ സ്വപ്നങ്ങളുണ്ട്.

പൗരോഹിത്യ ധർമ്മ നിർവ്വഹണത്തിൽ വളരെയധികം കൃത്യതയുള്ള ഇദ്ദേഹത്തിന്റെ ആപ്തവാക്യം, "എല്ലാ ശുശ്രൂഷകളും സുവിശേഷ പ്രഘോഷണത്തിനുവേണ്ടി" (1 കൊറി. 9/23) എന്നതാണ്. 18 ഗോത്രക്കാർ അടങ്ങുന്ന നാഗാലാൻഡിലെ ജനങ്ങളുടെ ആദ്ധ്യാത്മികവും, ഭൗതികവും, സാംസ്കാരികവുമായ ജീവിതരംഗങ്ങളിലേക്ക് കടന്നുചെല്ലാൻ തീക്ഷ്ണതയോടെ ആഗ്രഹിക്കുന്ന വ്യക്തിയാണ് അഭിവന്ദ്യ തോപ്പിൽ പിതാവ്. ദൈവസ്നേഹം നിറഞ്ഞുനില്ക്കുന്ന നല്ല ഇടയനാണ് അദ്ദേഹം. വിശ്വാസപ്രഘോഷണം സജീവമായി നടത്തുന്നതിനോടൊപ്പം, വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലും ഏറെ ശ്രദ്ധചെലുത്തുവാൻ ആഗ്രഹിക്കുന്നു. വളരെ ചലനാത്മകമായ ഒരു മിഷൻ പ്രവർത്തനം ആഗ്രഹിക്കുന്ന വ്യക്തി എന്ന നിലയിൽ രൂപതയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ വലുതാണ്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും വൈദികരെയും, അല്മായരെയും, സന്ന്യസ്തരെയും ഏകോപിപ്പിച്ച് പൊതുവായ കാഴ്ചപ്പാടും മിഷൻ ദൗത്യവുമുള്ള സഭാസംവിധാനം അദ്ദേഹം ആഗ്രഹിക്കുന്നു. വിശ്വാസ പ്രഘോഷണത്തോടൊപ്പം മൂല്യാധിഷ്ഠിത ജീവിതമാതൃകയിലൂടെ കത്തോലിക്കാ വിശ്വാസികൾ വേറിട്ടൊരു മാതൃക കാണിക്കണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്.

വീട്ടുകാർക്കും നാട്ടുകാർക്കും, കൊഹിമ രൂപതയ്ക്കും, സാർവ്വത്രിക സഭയ്ക്കും പ്രിയപ്പെട്ട ചാക്കോച്ചന്റെ ജീവിതം അനുഗ്രഹദായകമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

**-റവ. ഡോ. തോമസ് ആദോപ്പിള്ളിൽ**

# ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ
## കരുണാർദ്ര സ്നേഹത്തിന്റെ ആൾരൂപം



കോട്ടയം ജില്ലയിലെ പ്രകൃതിരമണീയമായ ഗ്രാമമാണ് നീണ്ടൂർ. ദൈവവിശ്വാസവും വിദ്യാസമ്പത്തും കുലീനത്വവും ധനസമൃദ്ധിയും ഒത്തിണങ്ങിയ പല തറവാടുകളും ഈ ഗ്രാമത്തിന് ശക്തിയും ആശ്വാസവുമായിരുന്നു. അക്കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായ തറവാടാണ് പൂതത്തിൽ തറവാട്. ദൈവകടാക്ഷം നിറഞ്ഞുനിൽക്കുന്നിടം. പൂതം എന്ന പദത്തിന്റെ അർത്ഥം പരിശുദ്ധം എന്നാണ്. ഇവിടുത്തെ കാരണവന്മാരെല്ലാം ദാനശീലത്തിലും സമുദായഭിമാനത്തിലും ദീനാനുകമ്പയിലും പേരെടുത്തവരായിരുന്നു. അവരിൽ ഏറ്റവും ജനസമ്മതനായിരുന്നു പൂതത്തിൽ ഇട്ടിക്കുരുവിള തരകൻ. തിരുവിതാംകൂർ മുഴുവൻ അറിയപ്പെട്ടിരുന്ന ഒരു വാണിജ്യശ്രേഷ്ഠൻ. അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന രാമ

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ